"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കരട് ചേർത്തല മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 38(1) പ്രകാരം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.114/2023/LSGD തീയതി,തിരുവനന്തപുരം, 17-05-2023

പരാമർശം:-

1. 25/07/2022 തീയതിയിലെ സ.ഉ.(കൈ) നം.164/2022/എൽ.എസ്.ജി.ഡി.
2. 19/09/2022 തീയതിയിലെ 3187-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
3. 15.11.2022 ലെ നഗരസഭ കൌൺസിലിന്റെ 12-ാം നമ്പർ യോഗതീരുമാനം.
4. ചേർത്തല നഗരസഭ സെക്രട്ടറിയുടെ 21/11/2022 തീയതിയിലെ ടിപി.1/12689/2012 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 19/01/2023 തീയതിയിലെ ടിസിപിസിടിപി/1612/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചേർത്തല മാസ്റ്റർ പ്ലാൻ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പരാമർശം (2) പ്രകാരം നഗരസഭ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ കരട് മാസ്റ്റർപ്ലാൻ സംബന്ധിച്ച് നഗരസഭയിൽ വളരെ കുറവ് ആക്ഷേപങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്നതിനാൽ നഗരസഭ നിവാസികളിലേക്ക് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയം 3 മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനും പരാമർശം (3) ലെ നഗരസഭ കൗൺസിൽ യോഗതീരുമാന പ്രകാരം നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

(2) പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ സംബന്ധിച്ച് നഗരസഭ നിവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ഇപ്പോൾ സമയം ദീർഘിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിനാൽ നഗരസഭയുടെ ആവശ്യം പരിഗണിച്ച് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി, സർക്കാർ ഉത്തരവ് നൽകുന്ന ദിവസം മുതൽ 3 മാസത്തേക്ക് കൂടി, ദീർഘിപ്പിച്ചു നൽകുന്നതിനു പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(3) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(4) പ്രകാരം കരട് മാസ്റ്റർപ്ലാൻ ഗസറ്റിൽ പ്രസിദ്ധീകരിച്ച തിയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ പൊതുജനങ്ങൾക്ക് അക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാവുന്നതാണ്. കൂടാതെ 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം മേൽ പറഞ്ഞ സമയപരിധി ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുന്നതിനു സർക്കാരിന് അധികാരമുണ്ട്.

(4) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള ദീർഘിപ്പിക്കാവുന്ന സമയപരിധി 6 മാസം വരെയാണ്. എന്നാൽ 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 38(1) ൽ പ്രസിദ്ധീകരിക്കപ്പെട്ട പ്ലാനിന് നിർണ്ണയിക്കപ്പെട്ട സമയപരിധിയ്ക്കുള്ളിൽ അനുമതി ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച്, സർക്കാരിന്, ആവശ്യമെന്ന് കരുതുന്നപക്ഷം അങ്ങനെയുള്ള അന്വേഷണങ്ങൾ, കൂടിയാലോചന എന്നിവ നടത്തിയതിനുശേഷവും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മാസ്റ്റർപ്ലാനിൽ നടപടി എടുക്കുന്നതിനും അനുമതി നൽകുന്നതിനും ആവശ്യപ്പെടാവുന്നതുമാണ്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരട് ചേർത്തല മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 38(1) പ്രകാരം സർക്കാർ ഉത്തരവാകുന്ന തീയതി മുതൽ 3 മാസത്തേക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ചേർത്തല നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anilkumar C

Date: 17-05-2023 16:47:58

സെക്ഷൻ ഓഫീസർ